**15 -ാം കേരള നിയമസഭ**

**5 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 4783** **20-07-2022 - ൽ മറുപടിയ്ക്ക്**

**കിഫ്ബി സഹായത്തോടെ നിർമ്മിക്കുന്ന താമരശ്ശേരി-വരിട്ട്യാക്ക് - സി.ഡബ്ല്യൂ.ആർ.ഡി.എം. റോഡ്**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. പി. ടി. എ. റഹീം | | ശ്രീ. പി.എ.മുഹമ്മദ് റിയാസ്<br>(പൊതുമരാമത്ത്-വിനോദസഞ്ചാര, യുവജനകാര്യ വകുപ്പ് മന്ത്രി) | |
| (എ) | കിഫ്ബി സഹായത്തോടെ താമരശ്ശേരി മുതൽ വരിട്ട്യാക്ക് വഴി സി.ഡബ്ല്യൂ.ആർ.ഡി.എം. വരെ നിർമ്മിക്കുന്ന റോഡിന് എത്ര മീറ്റർ വീതിയാണ് ഉദ്ദേശിക്കുന്നതെന്ന് അറിയിക്കാമോ; | (എ) | കിഫ്ബി സഹായത്തോടെ താമരശ്ശേരി മുതൽ വരിട്ട്യാക്കൽ വഴി സി.ഡബ്ല്യൂ.ആർ.ഡി.എം. വരെയുള്ള റോഡിന് 10 മീറ്റർ വീതിയാണ് ഉദ്ദേശിക്കുന്നത്. |
| (ബി) | പ്രസ്തുത റോഡ് നിർമ്മാണത്തിനാവശ്യമായ സ്ഥലം വിലയ്ക്കെടുക്കുന്നതിന് നടപടികൾ ആരംഭിച്ചിട്ടുണ്ടോ; | (ബി) | നടപടികൾ ആരംഭിച്ചിട്ടില്ല. |
| (സി) | മണിപുരം, കരുവംപോയിൽ തുടങ്ങിയ ടൗണുകളിലെ വീതിയില്ലാത്ത ഭാഗങ്ങൾ ഏതുവിധേനയാണ് പരിഷ്കരിക്കാൻ ഉദ്ദേശിക്കുന്നതെന്ന് വിശദമാക്കാമോ; | (സി) | ലാൻഡ് അക്വിസിഷൻ മുഖാന്തിരം ടൗണുകൾ പരിഷ്കരിക്കുവാൻ സാധിക്കുന്നതാണ്. |
| (ഡി) | നിലവിൽ നടന്നുകൊണ്ടിരിക്കുന്ന വികസന പ്രവർത്തനങ്ങൾ എപ്പോൾ പൂർത്തീകരിക്കാൻ സാധിക്കുമെന്ന് വിശദമാക്കാമോ; | (ഡി) | നിലവിൽ നടന്നുകൊണ്ടിരിക്കുന്ന പ്രവൃത്തി കരാറുകാരന്റെ നഷ്ടോത്തരവാദിത്വത്തിൽ റദ്ദ് ചെയ്തിട്ടുണ്ട്. ബാക്കി പ്രവൃത്തികൾ പുനക്രമീകരിക്കുന്നതിന് 17.06.2022-ൽ ടെണ്ടർ ക്ഷണിക്കുകയും 05.07.2022-ൽ ടെക്നിക്കൽ ബിഡ് തുറക്കുകയും ചെയ്തു. ടെക്നിക്കൽ ബിഡുകൾ ടെക്നിക്കൽ കമ്മിറ്റിയിൽ വച്ച് പ്രീ-ക്വാളിഫൈഡ് ആയ കരാറുകാരെ തെരഞ്ഞെടുക്കുകയും തുടർന്ന് ഫിനാൻഷ്യൽ ബിഡ് തുറക്കുകയും ടെണ്ടർ അപ്രൂവൽ കമ്മിറ്റിയിൽ വച്ച് അത് അംഗീകരിക്കുകയും ചെയ്യേണ്ടതുണ്ട്. പ്രസ്തുത വിവരങ്ങൾ കിഫ്ബിയുടെ PFMS പോർട്ടലിൽ സമർപ്പിച്ച് അംഗീകാരം നേടിയ ശേഷം അക്സപ്റ്റൻസ് ലെറ്റർ നൽകി, കരാറിൽ ഏർപ്പെട്ട് പ്രവൃത്തികൾ ആരംഭിക്കുവാൻ കഴിയുന്നതാണ്. 6 മാസമാണ് ടി പ്രവൃത്തിയുടെ പൂർത്തീകരണ കാലാവധി. |
| (ഇ) | പ്രസ്തുത റോഡിന് ഇതുവരെ കിഫ്ബിയിൽ നിന്നും എത്ര പണം ചെലവഴിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കാമോ? | (ഇ) | പ്രസ്തുത റോഡിന് 6ാമത്തെയും ഭാഗികവുമായ ബിൽ പ്രകാരം ഇതുവരെ 20,08,17,959/- രൂപ കിഫ്ബിയിൽ നിന്നും അനുവദിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ